(ബി) കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് കൂടുതൽ കൃത്യതയും അതോടൊപ്പം ആയത് സുഗമവും കാര്യക്ഷമവും സുതാര്യവുമായി നടപ്പിലാക്കുക എന്നതാണ് ഓൺലൈൻ പെർമിറ്റ് സംവിധാനം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സങ്കേതം' സോഫ്റ്റ്വെയർ വഴിയാണ് കെട്ടിടനിർമ്മാണ അനുമതി നൽകിവരുന്നത്. പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, ചീഫ് ടൗൺ പ്ലാനർ, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ട്രെയിനിംഗ് പ്രോഗ്രാമുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും കമ്പ്യൂട്ടറൈസേഷൻ നടപടികൾ സമയബന്ധിതമായും, ഫലപ്രദമായും നടപ്പാക്കുന്നതിലേക്കുമായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-നെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

മാലിന്യ നിർമ്മാർജ്ജനം

106 (1577) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മാലിന്യ നിർമ്മാർജ്ജനത്തിനായി വർഷംപ്രതി എത്ര തുക നീക്കിവച്ചെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ വർഷംപ്രതി എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് (മുൻസിപ്പാലിറ്റി, കോർപ്പറേഷനുകൾക്ക്) എത്ര തുക നൽകിയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

കെട്ടിട നിർമ്മാണങ്ങൾക്ക് അഗ്നിശമനസേനയുടെ എൻ.ഒ.സി.

107 (1578) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ്സ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം എത്ര സ്ക്വയർഫീറ്റിലും എത്ര മീറ്റർ ഉയരത്തിലും അധികമുള്ള കെട്ടിട നിർമ്മാണങ്ങൾക്കാണ് അഗ്നിശമന സേനയുടെ എൻ. ഒ .സി. ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും മാറ്റവും വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly